"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- ഡോ.ആർ.ശിവരാമകൃഷ്ണൻ ഫയൽ ചെയ്ത OA 434/2025 - ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 10/04/2025-ൽ പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1555/2025/H&FWD തീയതി,തിരുവനന്തപുരം, 04-06-2025

---

പരാമർശം:-

1. 31/05/2024-ലെ സ.ഉ.(സാധാ).നം 1310/2024/ആ.കു.വ
2. 01/06/2024-ലെ സ.ഉ.(സാധാ).നം 1314/2024/ആ.കു.വ
3. ഡോ.ആർ.ശിവരാമകൃഷ്ണന്റെ 05/04/2025-ലെ അപേക്ഷ
4. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 434/2025 നം കേസിലെ 10/04/2025-ലെ ഉത്തരവ്
5. 20/05/2025-ലെ സ.ഉ.(സാധാ).നം 1374/2025/ആ.കു.വ

**<u>ഉത്തരവ്</u>**

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ റേഡിയോതെറാപ്പി വിഭാഗം പ്രൊഫസറായിരുന്ന ഡോ. ആർ.ശിവരാമകൃഷ്ണൻ-ന് പരാമർശം (1) ഉത്തരവ് പ്രകാരം റെഗുലർ സ്ഥാനക്കയറ്റം നൽകി കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളായി നിയമിച്ച് ഉത്തരവായിരുന്നു. എന്നാൽ വ്യക്തിപരവും ശാരീരികവുമായ കാരണങ്ങളാൽ ഡോ.ആർ.ശിവരാമകൃഷ്ണൻ ടിയാനെ 01/05/2025 മുതലുണ്ടാകുന്ന തിരുവനതപുരം സർക്കാർ മെഡിക്കൽ കോളേജിലെ പ്രിൻസിപ്പാളിന്റെ ഒഴിവിലേക്കോ അതല്ലെങ്കിൽ അപെക്സ് ട്രോമാ & എമർജൻസി ലേർണിംഗ് സെന്ററിൽ (ATELC) ഉണ്ടാകുന്ന പ്രിൻസിപ്പാളിന്റെ ഒഴിവിലേക്കോ അതുമല്ലെങ്കിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ഒഴിവിലേക്കുള്ള സ്ഥാനക്കയറ്റത്തെ തുടർന്നുണ്ടാകുന്ന JDME / സ്പെഷ്യൽ ഓഫീസർ തസ്തികയിലേക്കോ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത OA 434/2025 കേസിൽ, പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള ഡോ.ആർ.ശിവരാമകൃഷ്ണൻ-ന്റെ പരാമർശം (3) നിവേദനത്തിന്മേൽ (Annexure A15), ഉത്തരവിന്റെ പകർപ്പ് കൈപറ്റി 6 ആഴ്ചയ്ക്കകം ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് പരാമർശം (4) പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിർദ്ദേശിക്കുകയുണ്ടായി.

2.ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (4) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി .ഭരണപരമായ സൗകര്യം കണക്കിലെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പ്രിൻസിപ്പൽ തസ്തികയിലെ സ്ഥലം മാറ്റം/ടി

തസ്തികയിലേക്കുള്ള റെഗുലർ സ്ഥാനക്കയറ്റം എന്നിവ അനുവദിച്ച് പുറപ്പെടുവിച്ച പരാമർശം (5) ഉത്തരവ് പ്രകാരം കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളായ ഡോ. ആർ.ശിവരാമകൃഷ്ണൻ-ന് സ്ഥലം മാറ്റം നൽകി തിരുവനന്തപുരം അപെക്സ് ട്രോമാ & എമർജൻസി ലേർണിംഗ് സെന്റർ (ATELC) പ്രിൻസിപ്പൽ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകിയിട്ടുണ്ട്.

3.ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (4) ഉത്തരവ് അപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SALINI O G
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ് ) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, കാസർഗോഡ്
പ്രിൻസിപ്പാൾ, അപെക്സ് ട്രോമാ & എമർജൻസി ലേർണിംഗ് സെന്റർ (ATELC), തിരുവനന്തപുരം
ഡോ.ആർ.ശിവരാമകൃഷ്ണൻ, പ്രിൻസിപ്പാൾ, അപെക്സ് ട്രോമാ & എമർജൻസി ലേർണിംഗ് സെന്റർ (ATELC) ,തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (എസ് 1/79/2025/ആ.കു.വ)

ഉത്തരവിൻ പ്രകാരം

Signed by
T Muraleedharan Chettiyar
Date: 04-06-2025 14:25:01

സെക്ഷൻ ഓഫീസർ